# ACCADEMIC MASTERPLAN

# 2025-26

# GUPS BAVALI



# ആമുഖം

വയനാട് ജില്ലയിൽ, മാനന്തവാടി താലൂക്കിൽ, തിരുനെല്ലി പഞ്ചായത്തിൽ, കർണാടകയോട് അതിർത്തി ഗ്രാമമായി കിടക്കുന്ന സ്ഥലമാണ് ബാവലി. അവിടെയുള്ള ഏക വിദ്യാലയമാണ് ഗവൺമെൻറ് യു പി സ്കൂൾ ബാവലി. മറ്റ് എല്ലാ ജാതി മതങ്ങളിലും ഉള്ളവരും കാട്ടുനായ്ക്ക, പണിയ, അടിയ, തുടങ്ങിയ ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട വരും ബാവലിയിൽ താമസക്കാരായി ഉണ്ട്. സാമ്പത്തികമായി വളരെയേറെ പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്ത് ആളുകളുടെ ഉപജീവനത്തിന് ഉള്ള പ്രധാന മാർഗ്ഗം കാർഷിക മേഖലയിലെ കൂലിപ്പണിയാണ്. അതിന് പ്രധാനമായും ഇവർ ആശ്രയിക്കുന്നത് തൊട്ടടുത്തുള്ള കർണാടക സംസ്ഥാനത്തിലെ കൂർഗ് ജില്ലയിലെ കാർഷിക മേഖലയെ ആണ് ആയതിനാൽ തന്നെ അതിരാവിലെ പോകുന്നതിനും താമസിച്ച് തിരിച്ചെത്തുന്നതിനും മാത്രമേ ഇവർക്ക് കഴിയുകയുള്ളൂ. ഉപജീവനത്തിനായി അതിരാവിലെ വീടുകളിൽ നിന്ന് പോകേണ്ടിവരുന്ന മാതാപിതാക്കൾക്ക് തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ മിക്കപ്പോഴും ആവശ്യമായ ശ്രദ്ധ പുലർത്താൻ സാധിക്കാറില്ല. ഇതിനാൽ തന്നെ കുട്ടികളുടെ സ്ഥിരമായ ഹാജർ ഇല്ലായ്മയും പഠന നിലവാരത്തിലെ കുറവും മൂലമുള്ള പ്രശ്നങ്ങൾ കൂടുതൽ ഉള്ള ഒരു പ്രദേശമാണ് ബാവലി.

അതുകൊണ്ടുതന്നെ കുട്ടികളുടെ പഠനനിരവാരത്തിലുള്ള പരാധീനതകൾ ഈ വിദ്യാലയം അനുഭവിച്ചു വരികയാണ്. സംസ്ഥാനത്തിന്റെ അടിസ്ഥാന നിലവാരത്തിലുള്ള ഒരു വിദ്യാഭ്യാസ ഉയർച്ച ഇവിടെ സൃഷ്ടിച്ചെടുക്കുക എന്നത് ഇന്നത്തെ അവസ്ഥയിൽ വളരെ പ്രയാസകരമാണ്. കുട്ടികളുടെ പഠനനിലവാരം അറിയുന്നതിന് ജൂൺമാസം 10 തീയതിയോടുകൂടി എല്ലാ ക്ലാസുകളിലും പ്രീ ടെസ്റ്റുകൾ നടത്തുകയുണ്ടായി. ഈ ടെസ്റ്റുകളുടെ വിലയിരുത്തലുകൾ താഴെ നൽകുന്നു. സ്കൂളിലെ വിദ്യാർഥികളിൽ 40% ത്തോളം പേർ പ്രസ്തുത ഗോത്രവർഗ്ഗ വിഭാഗങ്ങളിൽ നിന്ന് വരുന്നവർ ആണ്. ആറാം പ്രവർത്തി ദിനത്തെ കണക്ക് അനുസരിച്ച് 118 പേർ ഒന്നു മുതൽ ഏഴ് വരെ ക്ലാസുകളിലും 15 പേർ പ്രൈമറി ക്ലാസുകളിലും പഠിക്കുന്നു.

പ്രസ്തുത വിലയിരുത്തലുകളിൽ നിന്നും മനസ്സിലായ ഒരു കാര്യം കുട്ടികൾ നമ്മുടെ സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ചുള്ള നിലവാരത്തിൽ നിന്ന് താഴെ ഉള്ള നിലവാരത്തിൽ ആണ് ഓരോ ക്ലാസുകളിലും എന്നുള്ള നിഗമനത്തിലാണ് വിലയിരുത്തലുകൾ എത്തിച്ചേർന്നത്. ഓരോ ക്ലാസുകളിലെയും കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടതിന്റെ ആവശ്യകത ചർച്ചകളിൽ ഉരുത്തിരിഞ്ഞു വന്നു. ഓരോ ക്ലാസുകളിലെയും പ്രവർത്തനങ്ങളിൽ കുറെയെങ്കിലും അവർ നിലവിൽ എത്തിച്ചേർന്നിട്ടുള്ള നിലവാരത്തിനും മുകളിലാണ് എന്നുള്ള ഒരു ചർച്ച മീറ്റിങ്ങിൽ ഉണ്ടായി. അതിൽ പ്രകാരം കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ കുട്ടികളെ ഏറ്റവുമധികം

മനസ്സിലാക്കിയവർ എന്ന നിലയിൽ ഓരോ ക്ലാസ് ടീച്ചറും ഉണ്ടാക്കുവാനും അത് എസ് ആർ ജി യിൽ ചർച്ച ചെയ്തു മെച്ചപ്പെടുത്തുന്നതിനും ധാരണയായി. മാത്രമല്ല നിലവിലെ സാഹചര്യത്തിൽ ഈ കുട്ടികൾ പാഠപുസ്തകത്തിലെ എല്ലാ പാഠങ്ങളും പഠിക്കുക എന്നത് പ്രവർത്തനങ്ങളുടെ ബാഹുല്യത്തിന് കാരണമാകും എന്ന് കണ്ടെത്തി അതിനാൽ ഓരോ വിഷയത്തിലെയും അടിസ്ഥാനശേഷി വികസനം എന്നുള്ള ധാരണയെ മുൻനിർത്തി അവർക്ക് അനുയോജ്യമായ രീതിയിൽ സ്കീം ഓഫ് വർക്ക് അനുസരിച് പുതിയ പഠന പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് തീരുമാനിച്ചു.

# പരിമിതികൾ

ഇന്ന് വിദ്യാഭ്യാസം വിദ്യാഭ്യാസം എന്നതിൻറെ കാഴ്ചപ്പാടുകൾ തന്നെ മാറിയിരിക്കുന്ന ഒരു കാലഘട്ടമാണ് എല്ലാ രംഗത്തും മത്സരബുദ്ധി ഉടലെടുത്തിട്ടുള്ള ഈ സാഹചര്യത്തിൽ ഈ പ്രദേശത്തെ അല്പമെങ്കിലും സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന എല്ലാവരും തങ്ങളുടെ കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ചേർക്കുന്നതിന് ആണ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത് ഈ ആവശ്യത്തിലേക്കായി ഇവർ കുട്ടികളെ മാനന്തവാടി കുറുക്കൻ മൂല തുടങ്ങിയ സ്ഥലങ്ങളിലേക്ക് സ്കൂൾ ബസുകളിൽ അയക്കുന്നു വിദ്യാഭ്യാസത്തിലെ തെറ്റായ ചില പ്രവണതകൾ ആണെങ്കിലും ഇത് വിദ്യാലയത്തെ വളരെയധികം ബാധിക്കുന്നുണ്ട് മാത്രമല്ല അവർ കൊണ്ടുപോകുന്നതിനെക്കുറിച്ച് തെറ്റായ ചില ധാരണകൾ സമൂഹത്തിൽ പരത്തുന്നതിനും ഇത് കാരണമായിട്ടുണ്ട് ഇത് വിദ്യാലയത്തിലേക്ക് പുതുതാരയിൽ നിന്ന് എത്തുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വളരെ വലിയ ഒരു കുറവ് ഉണ്ടാക്കിയിരിക്കുകയാണ് ഈ അവസ്ഥകൾക്ക് മാറ്റം വരുത്തേണ്ടതുണ്ട് എന്ന് എസ് ആർ ജി യോഗത്തിലും പിടിഎ യോഗങ്ങളിലും തീരുമാനങ്ങൾ ഉണ്ടായി മാത്രമല്ല മുൻപ് പറഞ്ഞതുപോലെ സ്കൂളിൽ എത്തുന്ന കുട്ടികളുടെ മാതാപിതാക്കൾ കാർഷിക മേഖലയിലെ കൂലിപ്പണിയെ ആശ്രയിക്കുന്നത് കൊണ്ട് അവർക്ക് മറ്റു സംസ്ഥാനങ്ങളിലേക്ക് പോലും ജോലിക്കായി പോകേണ്ടി വരുന്നു ഈ ഒരു അവസ്ഥയിൽ ഇവരുടെ കുട്ടികളുടെ പഠനത്തെക്കുറിച്ച് ചിന്തിക്കുന്നതിനു പോലും ഇവർക്ക് സാധിക്കാറില്ല യഥാർത്ഥത്തിൽ ഭക്ഷണക്കാര്യത്തിൽ പോലും ഈ ഒരു വിദ്യാലയം ആണ് ഈ കുട്ടികളുടെ തുണ.

# പ്രതീക്ഷിത നേട്ടങ്ങൾ

കുട്ടികളുടെ സർവതോൻമുഖമായ വികസനം ലക്ഷ്യമിട്ടുകൊണ്ട് പാഠ്യപദ്ധതി നവീകരിക്കുക എന്നത് തന്നെയാണ് പ്രധാനമായും ഈ വിദ്യാലയത്തിന്റെ പരാതി നദികൾ മറികടക്കാനുള്ള ഏക വഴി പരാധീനതകൾ മറികടക്കാനുള്ള ഏക മാർഗം. പഠനനിലവാരം ഉയർത്തുക എന്നത് തന്നെയാണ് നാം ആഗ്രഹിക്കുന്ന ഏറ്റവും വലിയ ലക്ഷ്യം.

ഓരോ വിദ്യാർത്ഥിയും അവർ പഠിക്കുന്ന ക്ലാസ്സിലെ പ്രവർത്തനങ്ങൾ/ശേഷികൾ നന്നായ് ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക. അങ്ങനെ നമ്മുടെ സംസ്ഥാനത്തിന്റെ നിലവാരത്തിലും പിന്നീട് അതിനു മുകളിലുള്ള നിലവാരത്തിലും കുട്ടികളുടെ വിദ്യാഭ്യാസത്തെ എത്തിക്കുക എന്നത് തന്നെയാണ് സ്കൂളിലെ വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യം ഇടുന്നത്. അതിനായി നൂതനമായ പാഠ്യ പദ്ധതികൾ പഠന രതികൾ ആവിഷ്കരിച്ചുകൊണ്ട് ആധുനികലോകത്തിന് അനുസൃതമായ രീതിയിൽ പഠന പ്രവർത്തനങ്ങളെ നവീകരിക്കുക എന്നതാണ് പൊതുവായ കാഴ്ചപ്പാട്, സ്മാർട്ട് റൂമുകൾ ഒരുക്കുക. ലാബ്, ലൈബ്രറി ശാക്തീകരിക്കുക. ക്വിസ്, എൽ എസ് എസ് തുടങ്ങിയ പരീക്ഷകളിൽ മികച്ച വിജയങ്ങൾ കരസ്ഥമാക്കുക. പഠനപ്രവർത്തനത്തോടൊപ്പം പാഠ്യേതര വിഷയങ്ങളിലും മികവുതെളിയിക്കുന്നവരാക്കുക. സ്കൂളിലെ മുഴുവൻ കുട്ടികളെയും തെറ്റുകൂടാതെ മലയാളം, ഇംഗ്ലീഷ്, വിഷയങ്ങൾ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക. ഗണിതത്തിൽ അടിസ്ഥാനശേഷികൾ വർദ്ധിപ്പിക്കുക എന്നതും വലിയൊരു ലക്ഷ്യമാണ്

**മേഖല : അക്കാദമികം**
**ഉപമേഖല : മലയാളം**
**ക്ലാസ്സ് : I**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** |
|---|---|---|---|
| അക്ഷരങ്ങളും , ചിഹ്നങ്ങളും ഉറപ്പിക്കുന്നതിനും മലയാളം മധുരതരമായി പറയുവാനും എഴുതുവാനും കുട്ടികളെ പ്രാപ്തരാക്കുന്നതിന്. | 1.പാട്ടുകേൾപ്പിക്കൽ<br>2.കഥ കേൾപ്പിക്കൽ<br>3.ചിത്രവായന (ഐ.സി.ടി.)<br>4.അക്ഷരകാർഡുകൾ നൽകൽ<br>5.പദകാർഡുകൾ നൽകൽ<br>6.പദനിർമ്മാണം<br>7.വാക്യനിർമ്മാണം<br>8.അക്ഷരം ഉറപ്പിക്കൽ<br>9.ചിഹ്നം ഉറപ്പിക്കൽ<br>10.അക്ഷരപുസ്തകം<br>പിന്നോക്കക്കാർക്ക് പ്രത്യേകം ക്ലാസ്സ് | പ്രവേശന ആഴ്ച<br>4 മാസം<br>4 മാസം | ക്ലാസ്സ് ടീച്ചർ<br>എസ്.ആർ.ജി |
| ആശയവിനിമയശേഷി വളർത്തൽ | 1.ദിവസേനയുള്ള അസംബ്ലി<br>2.ദിനാചരണങ്ങൾ | ജൂൺ - മാർച്ച്<br>മാസത്തിലൊരിക്കൽ<br>വർഷത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ<br>മലയാളം ക്ലബ്ബ് |

മേഖല : അക്കാദമികം
ഉപമേഖല : പരിസരപഠനം
ക്ലാസ്സ് : I

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഒന്നാം തരത്തിലുള്ള കുട്ടികളെയെല്ലാം പരിസ്ഥിതിയെക്കുറിച്ച് സാക്ഷരരാക്കുക | ശാസ്ത്രകിറ്റ്<br>എല്ലാകുട്ടികൾക്കും ശാസ്ത്രകിറ്റ്<br>ശാസ്ത്രകിറ്റിന് ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ<br>ജൂലൈ | അധ്യാപിക |
| ശാസ്ത്രാന്വേഷണ പഠനപ്രസക്തി തിരിച്ചറിഞ്ഞ് പരീക്ഷണങ്ങളിലേർപ്പെടുക | പരീക്ഷണശിൽപശാല<br>വിവിധ പരീക്ഷണങ്ങളിലൂടെ പ്രവർത്തനങ്ങൾക്കു പിന്നിലുള്ള ശാസ്ത്രതത്വം അറിയൽ | ആഗസ്റ്റ് | അധ്യാപിക |
| പ്രകൃതിയിലെ ജീവജാലങ്ങളെക്കുറിച്ച് അറിയുക | ജീവനുള്ളതും ഇല്ലാത്തതും പരിസരപ്രദേശങ്ങളിൽ കാണുന്ന ജീവനുള്ള വസ്തുക്കളേയും ഇല്ലാത്തവയേയും തരം തിരിക്കുന്നു. | സെപ്റ്റംബർ | അധ്യാപിക |
| ചുറ്റുപാടുമുള്ള ചെടികളേയും മരങ്ങളേയും അറിഞ്ഞ് സവിശേഷതകൾ കണ്ടെത്തൽ | പ്രകൃതിനടത്തം<br>ഇതിലൂടെ പൂക്കൾ, ചെടികൾ, മരങ്ങൾ ഇവയുടെ ലിസ്റ്റ് തയ്യാറാക്കുക | ഒക്ടോബർ | അധ്യാപിക |

| | | | |
|---|---|---|---|
| ഭക്ഷ്യയോഗ്യമായ ചെടികളുടെ ഭാഗങ്ങൾ തിരിച്ചറിയുക. | പച്ചക്കറിത്തോട്ട സന്ദർശനം ഭക്ഷണയോഗ്യമായ ചെടികളും അവയുടെ ഭാഗങ്ങളും തിരിച്ചറിയുന്നതിനും പട്ടികപ്പെടുത്തുന്നതിനും സ്കൂൾ പച്ചക്കറിത്തോട്ടം സന്ദർശിക്കുന്നു. കൃഷിയുപകരണങ്ങൾ പരിചയപ്പെടാം | നവംബർ<br><br>ഡിസംബർ | അധ്യാപിക<br><br>എസ്.ആർ. ജി |
| പൊതുസ്ഥാപന ങ്ങളെക്കുറിച്ചുള്ള അവബോധം ലഭിക്കുക | പൊതുസ്ഥാപനങ്ങളെക്കുറിച്ചുള്ള അവബോധം ലഭിക്കുക | ജനുവരി | അധ്യാപിക<br><br>മാതാപിതാ ക്കൾ |
| വീടിനെക്കുറിച്ച് അറിയൽ (വിവിധ ജീവികൾക്ക് പലതരത്തിലുള്ള പാർപ്പിടങ്ങൾ ഉണ്ടെന്ന് തിരിച്ചറിയൽ) | കൂട്ടിലേക്ക് പോയവർ<br>(ജീവികൾ പലതരം<br>കൂടുകൾ പലതരം)<br><br>സ്നേഹമുള്ള വീട്ടുകാർ | | |
| വെള്ളത്തിലും കരയിലും ജീവിക്കുന്ന ജീവികളെക്കുറി ച്ച് പഠിക്കുക. | വെള്ളത്തിൽ ആരൊക്കെ?<br>വെള്ളത്തിൽ ജീവിക്കുന്നവയെ കുളത്തിലേക്ക് വരച്ച് ചേർക്കൽ പട്ടികപ്പെടുത്തൽ | ഫെബ്രുവരി | അധ്യാപിക |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം
ക്ലാസ്സ് : I

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിതം മധുരമുള്ളതാണെന്ന് കുട്ടികൾക്ക് ബോധ്യമാവുക.<br><br>കുട്ടികളിൽ സംഖ്യാബോധം കൊടുക്കുന്നതിന് | പഠനനിലവാരം ഉയർത്തൽ, മഞ്ചാടിക്കുരു, മുത്ത്, കമ്പുകൾ, ഇവ കൊണ്ടുള്ള കളികൾ, കഥകളിലൂടെ എണ്ണം പറയൽ, ഐ.സി .ടി . സാധ്യതകൾ ഉപയോഗിച്ച് കഥകളിലൂടെ പാട്ടുകളിലൂടെ എണ്ണം പഠിക്കൽ. മനഃക്കണക്കിന് ഉത്തരം കണ്ടുപിടിക്കൽ<br>പഠനനിലവാരം കണ്ടെത്താൻ വർക്ക് ഷീറ്റ്, പ്രീടെസ്റ്റ് എന്നിവ നടത്തി വിശകലനം ചെയ്ത് മികവുകളും പോരായ്മകളും കണ്ടെത്തുന്നു.<br>പ്രകൃതിയിൽനിന്നും ഉദാഹരണങ്ങൾ എടുത്ത് പഠിക്കുന്നു.<br>ഗണിതകേളികളിൽ ഏർപ്പെടുന്നു.<br>സംഖ്യാകാർഡുകൾ ഉപയോഗിച്ച് വിവിധ പ്രവർത്തനങ്ങൾ ചെയ്യുന്നു. | ജൂൺ<br><br>പ്രതിദിനം ആദ്യആഴ്ചയിൽ ഉച്ചയ്ക്ക് ശേഷമുള്ളതും പിന്നീട് ഗണിതത്തിലെ ഒരു പിരീയഡും<br><br>ജൂലൈ | അധ്യാപിക |

| | | | |
|---|---|---|---|
| ഗണിതപഠനം രസകരമാക്കുന്നതിന്<br><br>ക്ലാസ്സിലെ മുഴുവൻ കുട്ടികളിലും സങ്കലനത്തിൻറെയും വ്യവകലനത്തിൻറെയും അടിസ്ഥാനതത്വങ്ങൾ ഉറപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ | കഥകളിലൂടെയും ചെറിയപാട്ടുകളിലൂടെയും ഗണിതത്തിൻറെ എല്ലാ പിരീയഡുകളും രസകരമാക്കുന്നു.<br><br>ആംഗ്യപാട്ടിലൂടെയും ചെറിയ പാട്ടുകളിലൂടെയും സങ്കലനം, വ്യവകലനം എന്നീ ആശയങ്ങൾ ഉറപ്പിക്കുന്നു.<br>മഞ്ചാടി, കമ്പുകൾ എന്നിവ ഉപയോഗിച്ച് സങ്കലനം ഉറപ്പിക്കുന്നു. | | |
| പ്രയോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് | പരിചിതമായ വസ്തുക്കളുടെ കൂട്ടങ്ങൾ നിരീക്ഷിച്ച് എണ്ണിപ്പറയൽ, എഴുതൽ, കളികളിൽ ഏർപ്പെടൽ 2ൻറെ, പത്തിൻറെ, 5ൻറെ കൂട്ടങ്ങളാക്കുന്നു. | | |
| വായനമെച്ചപ്പെടുത്തൽ | 1. ക്ലാസ്സ്-പുസ്തകാലയം<br>2. വായനോത്സവം<br>3. വായനകാർഡുകൾ<br>4. അക്ഷരകേളികൾ<br>5. പത്രവായന | വിശ്രമവേളകൾ<br><br>അധ്യയന വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ |
| കുട്ടികളെ സ്വതന്ത്രമായി എഴുതാൻ പ്രാപ്തരാക്കുക. | 1. അക്ഷരകാർഡുകൾ ഉപയോഗിച്ച് പദനിർമ്മാണം.<br>2. പദകാർഡുകൾ ഉപയോഗിച്ച് വാക്യ നിർമ്മാണം.<br>3. ചുമർ പത്രിക. | എല്ലാ ദിവസവും. | ക്ലാസ്സ് അധ്യാപിക |
| ക്ലാസ്സ് ലൈബ്രറിയുടെ പ്രവർത്തനം ഊർജ്ജിതമാക്കുക. | ക്ലാസ്സ് ലൈബ്രറിയുടെ പ്രവർത്തനം ഊർജ്ജിതമാക്കുക. | മാസം | |

**Theme : Accadamic**
**Sub - Theme : English - Language Acquisition**
**Class : I**

| AIM | ACTIVITIES | TIME | DUTY |
| --- | --- | --- | --- |
| To improve listening skill | 1. Rhyme time (ICT)<br>2. Story time (ICT)<br>3. Spelling be content.<br>4. Skit (ICT) | Daily<br>Daily<br>Daily<br>Weekly | Class teacher<br>SRG<br>Convenor |
| To improve speaking skill | 1. English - assembly<br>2. English Skit<br>3. English - Day | June to March<br>Monthly<br>2 days in a week | Class teacher<br>SRG<br>Convenor |
| To improve reading skill | 1. Reading cards<br>2. Reading corner in a class<br>3. Reading competition<br>4. News paper reading<br>5. Comprehension | Daily<br>Daily<br>Weekly<br>Daily | Class teacher<br><br>English<br>club |
| To improve writing-skill | 1. Picture description<br>2. Addmore lines<br>3. Story writing<br>4. English workshop<br>5. Class Magazine | Daily<br>Weekly<br>Monthly<br>Monthly<br>Monthly | Class teacher<br><br>English<br>club |

**മേഖല : അക്കാദമികം**
**ഉപമേഖല : മലയാളഭാഷാപരിജ്ഞാനം**
**ക്ലാസ്സ് : II**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** |
|---|---|---|---|
| കേൾക്കാനും ആസ്വദിക്കാനുമുള്ള കഴിവ് വികസിപ്പിക്കൽ ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ്<br>2. കഥകേൾപ്പിക്കുക<br>3. മലയാളം മിഠായി<br>4. ചിത്രവായന കവിത (ഐ.സി.ടി)<br>5. ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>6. അക്ഷരകേളി<br>7. വാക്ക് നിർമ്മാം<br>8. വാക്യനിർമ്മാണം<br>9. ചിത്രം -കഥപറയൽ<br>10. ചിത്രം - അടിക്കുറിപ്പ് പറയൽ<br>11. അമ്മപുസ്തകം<br>12. അക്ഷരമെഴുത്ത്<br>13. വാക്ക് എഴുത്ത്<br>14. വാക്യമെഴുത്ത്<br>15. ക്ലാസ്സ് പ്രവർത്തനം<br>16. സംഭാഷണം, കഥ, കവിത.... | പ്രവേശന ആഴ്ച<br><br>4 മാസം<br><br>4 മാസം | ക്ലാസ്സ് ടീച്ചർ<br><br>എസ്.ആർ.ജി<br><br>ക്ലാസ്സ് ടീച്ചർ |
| ആശയവിനിമയശേഷി വളർത്തൽ ആത്മവിശ്വാസത്തോടെയും ഒഴുക്കോടെയും മലയാളം സംസാരിക്കാനുള്ള കഴിവ് വളർത്തുക. | 1. ദിവസേനയുള്ള അസംബ്ലി<br>2. പ്രത്യോക പരിപാടികൾ<br>3. ദിനാചരണങ്ങൾ<br>4. മഹത്വചനങ്ങൾ<br>5. സ്കിറ്റ്<br>6. മലയാളമേള<br>7. നാടകക്യാമ്പ് | ജൂൺ - മാർച്ച്<br><br>മാസത്തിലൊരിക്കൽ<br>വർഷത്തിലൊരിക്കൽ | ജൂൺ - മാർച്ച്<br><br>മാസത്തിലൊരിക്കൽ<br>വർഷത്തിലൊരിക്കൽ |

| | | | |
|---|---|---|---|
| വായനമെച്ചപ്പെടുത്തൽ | 1. ക്ലാസ് വായനകൂട്ടം<br>2. വായന മൂല<br>3. ക്ലാസ് ലൈബ്രറി<br>4. വായനോത്സവം<br>5. പത്രവായന<br>6. അമ്മവായന<br>7. പുസ്തക പരിചയം<br>8. ബാലസഭ<br>9. വായനകാർഡുകൾ<br>10. മരച്ചുവട്ടിലെ വായ<br>11. അക്ഷര കേളികൾ | ദിവസവും<br><br>മാസത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ |
| കുട്ടികളെ സ്വതന്ത്രമായി എഴുതാൻ പര്യാപ്തമാക്കുക തെറ്റ്കൂടാതെ എഴുതാൻ പ്രാപ്തരാക്കുക. | 1. ആഭരണമണിയാം<br>2. അക്ഷരകാർഡുകൾ ഉപയോഗിച്ച് പദനിർമ്മാണം<br>3. എഴുത്ത്കൂട്ടം<br>4. പത്രവാർത്ത<br>5. പതിപ്പുകൾ<br>6. മാഗസിൻ<br>7. ചുവർ പത്രിക<br>8. ബാലസഭ | എല്ലാ ദിവസവും<br><br>ആഴ്ചയിലൊരിക്കൽ<br><br>മാസത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ<br><br>ക്ലാസ്സ് ടീച്ചർ<br><br>എസ്.ആർ.ജി |

മേഖല : അക്കാദമികം
ഉപമേഖല : പരിസരപഠനം
ക്ലാസ്സ് : II

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| രണ്ടാം ക്ലാസ്സിലെ കുട്ടികളെ മുഴുവൻ ശാസ്ത്രസാക്ഷരരാക്കുക. | എല്ലാകുട്ടികൾക്കും ശാസ്ത്രകിറ്റ്- ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ ശേഖരിക്കൽ | ജൂലൈ ആദ്യവാരം | ക്ലാസ്സ് ടീച്ചർ |
| ശാസ്ത്രാവബോധം ഉണ്ടാക്കുക. യുക്തിപൂർവ്വം ചിന്തിക്കുക. | അധ്യാപകരുടെ ശാസ്ത്രകിറ്റ് ശേഖരിക്കേണ്ടവ വാങ്ങേണ്ടവ, ലിസ്റ്റ് തയ്യാറാക്കുക. | | |
| ശാസ്ത്രാമ്പേഷണാത്മക പഠനപ്രസക്തി തിരിച്ചറിഞ്ഞ് പരീക്ഷണങ്ങളിലേർപ്പെടുക | സയൻസ് കോർണർ ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കണം. സാമഗ്രികൾ ശേഖരിക്കുന്നു.<br>പരീക്ഷണശിൽപശാല വിവിധ പരീക്ഷണങ്ങളിലൂടെ പ്രവർത്തനങ്ങൾക്കുപിന്നിലുള്ള ശാസ്ത്രതത്വം കണ്ടെത്തുന്നു. | ആഗസ്റ്റ്<br>സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ |
| പരിസരപഠനവുമായി ബന്ധപ്പെട്ട പഠനയാത്രകൾ നടത്തുക. | ഫിൽഡ് ട്രിപ്പ്<br>മുഴുവൻ കുട്ടികളേയും ഉൾപ്പെടുത്തികൊണ്ടുള്ള ഫിൽഡ് ട്രിപ്പ് | ഒക്ടോബർ | ക്ലാസ്സ് ടീച്ചർ (എം.പി.ടി.എ) |
| വർഗ്ഗീകരണം ജീവികളുടെ സഞ്ചാരരീതികൾ വാഹനങ്ങൾ പഴയതും പുതിയതും | പ്രകൃതിനടത്തത്തിലൂടെ ജീവികൾ സഞ്ചരിക്കുന്നത് വ്യത്യസ്ത രീതിയിലാണെന്ന് മനസ്സിലാക്കുന്നു.<br>ചിത്രങ്ങൾ (ഐ.സി.ടി.) | പ്രകൃതിനടത്തത്തിലൂടെ ജീവികൾ സഞ്ചരിക്കുന്നത് വ്യത്യസ്ത രീതിയിലാണെന്ന് മനസ്സിലാക്കുന്നു.<br>ചിത്രങ്ങൾ (ഐ.സി.ടി.) | ക്ലാസ്സ് ടീച്ചർ |

**Theme : Accadamic**
**Sub - Theme : English - Language Acquisition**
**Class : II**

| AIM | ACTIVITIES | TIME | DUTY |
|---|---|---|---|
| To improve listening skill | 1. Story time (ICT)<br>2. Skit (ICT)<br>3. Spelling be content.<br>4. Rhymes | Weekly<br>Weekly<br>Daily<br>Daily | Class teacher<br>SRG<br>Convenor |
| To improve speaking skill | 1. English - assembly<br>2. English Skit<br>3. English - Day | June to March<br>(3 days in a week)<br>(2 days in a week) | Class teacher<br>SRG<br>Convenor |
| To improve reading skill | 1. Library<br>2. Reading corner in a class<br>3. Reading cards<br>4. Reading competition<br>5. News paper reading<br>6. Comprehension | Daily | Class teacher<br><br>English club |
| To improve writing-skill | 1. Story writing<br>2. Picture description<br>3. English workshop<br>4. Class Magazine | Monthly<br>Daily<br>Monthly<br>Monthly | Class teacher<br><br>English club |

**മേഖല : അക്കാദമികം**
**ഉപമേഖല : ഗണിതപരിജ്ഞാനം**
**ക്ലാസ്സ് : 2**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| എല്ലാകുട്ടികൾക്കും അടസ്ഥാന ക്രയകളായ സങ്കലനം , വ്യകലനം , ഗുണനം എന്നിവയിൽ പ്രാവീണ്യം ഉണ്ടാക്കൽ | 1. പ്രി-ടെസ്റ്റ് പഠനനിലവാരം കണ്ടെത്തൽ മികവുകളും, പോരായ്മകളും കണ്ടെത്തുന്നു.<br>2. ഗണിത കേളി<br>3. ഗണിത മൂല<br>4. ഗണിത പഠനോപകരണ നിർമ്മാണം<br>5. മനക്കണക്കിനുള്ള പരിശീലനം<br>6. ഗണിതോത്സവം<br>7. കച്ചവട കണക്ക്<br>8. വർക്ക് ഷീറ്റ് | ജൂൺ<br>ആദ്യവാരം<br>പ്രതിദിനം<br>പ്രതിദിനം<br>ആഴ്ചയിൽ<br>പ്രതിദിനം<br>വർഷാവസാനം<br>മാസത്തിൽ<br>ആഴ്ചയിൽ | ഗണിത അധ്യാപകർ<br>എസ് .ആർ.ജി . കൺവീനർ<br>ഗണിത ടീച്ചർ<br>ഗണിത ടീച്ചർ<br>ഗണിത അധ്യാപകർ<br>ഗണിതക്ലബ്ബ്<br>ഗണിത അധ്യാപകർ<br>ഗണിത അധ്യാപകർ |

മേഖല : അക്കാദമികം
ഉപമേഖല : മലയാളം, ഭാഷാപരിജ്ഞാനം
ക്ലാസ്സ് : III

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കേൾക്കാനും ആസ്വദിക്കാനുമുള്ള കഴിവ് വികസിപ്പിക്കൽ ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ്, ചിത്രവായന കഥകേൾപ്പിക്കൽ, വാക്കുനിർമ്മാണം പദപരിചയം, വാക്യനിർമ്മാണം ചിത്രം -അടിക്കുറിപ്പ് എഴുതൽ അമ്മപുസ്തകം വാക്യമെഴുത്ത് സംഭാഷണം , കഥ, കവിത രചിക്കൽ | വർഷാദ്യം ആഴ്ചയിൽ മാസത്തിൽ ആഴ്ചയിൽ | ഭാഷാധ്യാപിക ഭാഷാധ്യാപിക ഭാഷാധ്യാപിക ഭാഷാധ്യാപിക |
| ആശയവിനിമയശേഷി വളർത്തൽ ആത്മവിശ്വാസത്തോടെയും ഒഴുക്കോടെയും മലയാളം സംസാരിക്കാനുള്ള കഴിവ് വളർത്തുക. | ദിവസേനയുള്ള അസംബ്ലി ദിനാചരണങ്ങൾ സ്കിറ്റ് , മഹത്വചനങ്ങൾ മലയാളമേള നാടകക്യാമ്പ് | ദിവസത്തിൽ മാസത്തിൽ ആഴ്ചയിൽ വർഷത്തിൽ | ഭാഷാക്ലബ്ബ് അധ്യാപകർ |

| | | | |
|---|---|---|---|
| വായനമെച്ചപ്പെടുത്തൽ | ക്ലാസ് വായനക്കൂട്ടം,<br>വായനാമൂല<br>ക്ലാസ് ലൈബ്രറി,<br>വായനോത്സവം<br>പത്രവായന,<br>അമ്മവായന<br>വായനാക്കുറിപ്പ്,<br>ബാലസഭ | ആഴ്ചയിൽ<br>ദിവസവും<br>ആഴ്ചയിൽ<br>മാസത്തിലെ<br>ആദ്യവാരം | ഭാഷാധ്യാപിക<br><br><br><br>ഭാഷാക്ലബ്ബ് |
| കുട്ടികളെ<br>സ്വതന്ത്രമായി<br>എഴുതാൻ<br>പര്യാപ്തമാക്കുക | പത്രവായന ,<br>മാഗസിൻ<br>ചുവർപത്രിക ,<br>കഥാരചന<br>സംഭാഷണം<br>തയ്യാറാക്കൽ,<br>കവിതാരചന<br>മാഗസിൻ<br>തയ്യാറാക്കൽ | ദിവസേന<br>മാസത്തിൽ<br>മാസത്തിൽ<br>ആഴ്ചയിൽ<br>മാസത്തിൽ | ഭാഷാധ്യാപിക<br><br><br><br>ഭാഷാക്ലബ്ബ് |
| വായനമെച്ചപ്പെടുത്തൽ | ക്ലാസ് വായനക്കൂട്ടം,<br>വായനാമൂല<br>ക്ലാസ് ലൈബ്രറി,<br>വായനോത്സവം<br>പത്രവായന,<br>അമ്മവായന<br>വായനാക്കുറിപ്പ്,<br>ബാലസഭ | ആഴ്ചയിൽ<br>ദിവസവും<br>ആഴ്ചയിൽ<br>മാസത്തിലെ<br>ആദ്യവാരം | ഭാഷാധ്യാപിക<br><br><br><br>ഭാഷാക്ലബ്ബ് |
| കുട്ടികളെ<br>സ്വതന്ത്രമായി<br>എഴുതാൻ<br>പര്യാപ്തമാക്കുക | പത്രവായന ,<br>മാഗസിൻ<br>ചുവർപത്രിക ,<br>കഥാരചന<br>സംഭാഷണം<br>തയ്യാറാക്കൽ,<br>കവിതാരചന<br>മാഗസിൻ<br>തയ്യാറാക്കൽ | ദിവസേന<br>മാസത്തിൽ<br>മാസത്തിൽ<br>ആഴ്ചയിൽ<br>മാസത്തിൽ | ഭാഷാധ്യാപിക<br><br><br><br>ഭാഷാക്ലബ്ബ് |

മേഖല : അക്കാദമികം
ഉപമേഖല : പരിസരപഠനം
ക്ലാസ്സ് : 3

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഒന്നുമുതൽ നാലുവരെയുള്ള കുട്ടികളെ മുഴുവൻ ശാസ്ത്ര സാക്ഷരരാക്കുക. | എല്ലാകുട്ടികൾക്കും ശാസ്ത്രകിറ്റ് സാധനങ്ങളുടെ ലിസ്റ്റ് ശേഖരിക്കൽ, തയ്യാറാക്കൽ | ജൂലൈ ആദ്യവാരം | ശാസ്ത്ര അധ്യാപിക |
| ശാസ്ത്രാവബോധം ഉണ്ടാക്കുക. | അധ്യാപകരുടെ ശസ്ത്രകിറ്റ് ശേഖരക്കേണ്ടവ വങ്ങേണ്ടവ , ലിസ്റ്റ് തയ്യാറാക്കൽ | ആഴ്ചയിൽ | ശാസ്ത്ര അധ്യാപകർ |
| യുക്തിപൂർവ്വം ചിന്തിക്കുക. | സയൻസ് കോർണർ | ആഗസ്റ്റ് മാസം | ശാസ്ത്ര അധ്യാപിക |
| ശാസ്ത്രാമ്പേഷണാത്മക പഠനപ്രസക്തി തിരിച്ചറിഞ്ഞ് പരീക്ഷണങ്ങളിലേർപ്പെടുക | ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>സാമഗ്രികൾ തയ്യാറാക്കൽ<br>പരീക്ഷണശിൽപശാല<br>വിവിധ പരീക്ഷണങ്ങളിലൂടെ പ്രവർത്തനങ്ങൾക്കുപിന്നിലുള്ള ശാസ്ത്രതത്വം കണ്ടെത്തൽ. | ആഴ്ചയിൽ<br>ആഴ്ചയിൽ<br>സെപ്റ്റംബർ<br>ആഴ്ചയിൽ | ശാസ്ത്ര ക്ലബ്ബ്<br>ശാസ്ത്ര അധ്യാപിക<br>ശാസ്ത്ര അധ്യാപിക ക്ലബ്ബ് |
| പരിസരപഠനവുമായി ബന്ധപ്പെട്ട പഠനയാത്രകൾ നടത്തുക. | ഫീൽഡ് ട്രിപ്പ്<br>മുഴുവൻ കുട്ടികളേയും ഉൾപ്പെടുത്തികൊണ്ട് | ഒക്ടോബർ ആദ്യവാരം | ശാസ്ത്ര അധ്യാപിക |
| ജീവനുള്ളവ - ഇല്ലാത്തവ ഇവയുടെ സവിശേഷതകൾ | പ്രകൃതിനടത്തം<br>ജീവനുള്ളവയുടെയും ഇല്ലാത്തവയുടെയും ലിസ്റ്റ് തയ്യാറാക്കുന്നു. | ജനവരി ആദ്യവാരം | ശാസ്ത്ര അധ്യാപകർ |

**Theme : Accadamic**
**Sub - Theme : English - Language Acquisition**
**Class : III**

| **AIM** | **ACTIVITIES** | **TIME** | **DUTY** |
|---|---|---|---|
| To improve listening skill | 1. Story time (ICT)<br>2. Skit (ICT)<br>3. Conversation<br>4. Rhymes | Weekly<br>Weekly<br>Weekly<br>Daily | Class teacher<br>SRG Convenor |
| To improve speaking skill | 1. Assembly<br>2. English Skit<br>3. English - Day<br>4. Conversation | June to March once in a week.<br>2 days in a week daily | Class teacher<br><br>Class Leader |
| To improve reading skill | 1. Class Library<br>2. Reading cards<br>3. Reading competition<br>4. News paper reading<br>5. Comprehension<br>6. Picture reading | June to March daily | Class teacher<br><br>English club |
| To improve writing-skill | 1. Add more lines<br>2. Story writing<br>3. Picture description<br>4. English workshop<br>5. Class Magazine | Daily<br><br><br>Monthly | Class teacher<br><br>English club |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതപരിജ്ഞാനം
ക്ലാസ്സ് : 3

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| എല്ലാകുട്ടികൾക്കും അടിസ്ഥാന ക്രിയകളായ സങ്കലനം , വ്യവകലനം , ഗുണനം എന്നിവയിൽ പ്രാവീണ്യം ഉണ്ടാക്കൽ | പ്രി-ടെസ്റ്റ്<br>പഠനനിലവാരം കണ്ടെത്തൽ<br>മികവ്, പോരായ്മ ഇവ കണ്ടെത്തുന്നു.<br>ഗണിതകേളി<br>ഗണിതമൂല | ജൂൺ ആദ്യവാരം ആഴ്ചയിൽ | ഗണിത അധ്യാപിക<br><br>ഗണിത ക്ലബ്ബ് |
| ഹരണം | ഒരു നിശ്ചിത എണ്ണത്തെ തുല്യമായ കൂട്ടങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>ഗുണനവും , ഹരണവും തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്തൽ<br>ഹരണവുമായി ബന്ധപ്പെട്ട ക്രിയകളിൽ മനക്കണക്കിൻറെ സാധ്യതകൾ പ്രയോഗിക്കൽ<br>പാറ്റേൺ നിർമ്മിതി | പ്രതിദിനം<br><br>ആഴ്ചയിൽ | ഗണിത ക്ലബ്ബ്<br><br>ഗണിത അധ്യാപകർ |
| സമയം, സമയ ദൈർഘ്യം | കോക്ക് നിർമ്മാണം<br>കലണ്ടർ നിർമ്മാണം<br>കലണ്ടർ നോക്കി ദിവസം, ആഴ്ച, മാസം, വർഷം ഇവ തമ്മിലുള്ള ബന്ധം കണ്ടെത്തുക.<br>ടൈംടേബിൾ, യാത്രാപട്ടിക തയ്യാറാക്കൽ | ആഴ്ചയിൽ<br><br>ആഴ്ചയിൽ | ഗണിത അധ്യാപിക<br><br>ഗണിത ക്ലബ്ബ് |
| അളവ് , തൂക്കം എന്നിവയിൽ പ്രാവീണ്യം കൈവരുത്തൽ | അളവുപകരണങ്ങൾ പരിചയപ്പെടുത്തൽ<br>ലിറ്റർ അളവുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ആഴ്ചയിൽ | ഗണിത അധ്യാപിക |

മേഖല :അക്കാദമികം
ഉപമേഖല : ഭാഷാപരിജ്ഞാനം
ക്ലാസ്സ് :4

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കേൾക്കാനും ആസ്വദിക്കാനും കഴിവുവളർത്തുക | പ്രീ-ടെസ്റ്റ്, മലയാള മിഠായ് കഥകേൾപ്പിക്കൽ ചിത്രവായന , കവിത ശ്രവിക്കൽ ചിഹ്നങ്ങൾ ഉറപ്പിക്കൽ അക്ഷരകേളി, വാക്യകേളി | ആദ്യ ആഴ്ച<br><br>ജൂൺ 1<br>ജൂലൈ<br>ആഗസ്ത് | ക്ലാസ്സ് അധ്യാപിക |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഐ.സി .ടി . സാധ്യതകൾ അമ്മയോടൊപ്പം പഠന നിലവാര ചർച്ചകൾ അമ്മപുസ്തകം എഡിറ്റിംഗ് മാതൃദിനം എസ്.ആർ.ജി. ശാക്തീകരണം, പദച്ചാർട്ട് | ജൂൺ<br>മാർച്ച്<br><br>വർഷം-1 | ക്ലാസ്സ് അധ്യാപിക |
| ആശയവിനിമയ ശേഷി വളർത്തുക | ദിവസേന അസംബ്ലി പ്രത്യേക പരിപാടികൾ, ദിനാചരണങ്ങൾ, (സ്കിറ്റ് മഹത് വചനങ്ങൾ) | ജൂൺ<br>മെയ് | ക്ലാസ്സ് അധ്യാപിക |
| ആത്മവിശ്വാസത്തോടും ഒഴുക്കോടും സംസാരിക്കാനുള്ള ശേഷി വളർത്തുക. | മലയാള മേള, നാടകക്യാമ്പ് ബാലസമാജം , ക്ലാസ് തല പഠനയാത്രകൾ, ക്വിസ് കോർണർ ക്ലാസ് തല ഗെയിം, ഭാഷാകേളി കാവ്യകേളി പദം പറഞ്ഞ് വാക്യമുണ്ടാക്കൽ | ഡിസംബർ<br>ജനുവരി<br>മാസം-1<br>വർഷം-1<br>ടേമിൽ-1 | ക്ലാസ്സ് അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| വായന മെച്ചപ്പെടുത്തുന്നതിന് | മരത്തണലിലെ വായന<br>അമ്മവായന<br>എൻറെ വായനാപുസ്തകം<br>ക്ലാസ് ലൈബ്രറി നവീകരണം<br>പുസ്തകപരിചയം<br>ബാലസഭ, പത്രവായന,<br>ആസ്വാദനക്കുറിപ്പ് മത്സരം | ആഴ്ച | അധ്യാപകർ |
| കുട്ടികളെ തെറ്റ് കൂടാതെ എഴുതാൻ പരിശീലിപ്പിക്കുക. | അക്ഷരകേളികൾ (ഇണടച)<br>ആഭരണമണിയാം<br>അക്ഷരകാർഡ് ഉപയോഗിച്ച് പദനിർമ്മാണം<br>പത്രവാർത്ത<br>എഴുത്ത്, മാഗസിനുകൾ, പതിപ്പ് | പ്രതിദിനം<br><br><br>ആഴ്ച | അധ്യാപകർ |
| കുട്ടികളെ സ്വതന്ത്ര്യമായി എഴുതാൻ പ്രാപ്തരാക്കുക. | ഞാനുമെൻറെ ചുറ്റുപാടും<br>ചുറ്റുപാടിലുള്ള പ്രശ്നങ്ങൾ കണ്ടെത്തി<br>നിവേദനം ,പോസ്റ്റർ,<br>ഇൻലൻറ് മാഗസിൻ, ചുമർ പത്രിക , കഥ<br>പൂർത്തിയാക്കൽ | മാസത്തിൽ ഒരിക്കൽ | അധ്യാപകർ |

മേഖല : അക്കാദമികം
ഉപമേഖല : പരിസരപഠനം
ക്ലാസ്സ് : 4

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടികളെ മുഴുവൻ ശാസ്ത്രസാക്ഷരരാക്കുക. | ശാസ്ത്രജ്ഞന്മാരും ശാസ്ത്രനേട്ടങ്ങളും ആൽബനിർമ്മാണം | ജൂൺ | അധ്യാപകർ |
| പരിസ്ഥിതിനിരീക്ഷണം | പഠനയാത്രകൾ നടത്തുന്നു. മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി | ജൂലൈ | അധ്യാപകർ |
| വസ്തുക്കളെ ജീവനുള്ളവ ജീവനില്ലാത്തവ എന്നിങ്ങനെ വർഗ്ഗീകരിക്കൽ | ജീവനുള്ളവയുടെയും ഇല്ലാത്തവയുടെയും ചിത്രങ്ങൾ ശേഖരിക്കുക. ലിസ്റ്റ് തയ്യാറാക്കുക. | ജൂലൈ | അധ്യാപകർ |
| കേരളത്തെ അറിയാൻ കലകൾ, ഉത്സവങ്ങൾ എന്നിവ മനസ്സിലാക്കൽ | നാടൻ കളികൾ സംഘടിപ്പിക്കുക. ദൃശ്യാവിഷ്കരണം. ഉത്സവങ്ങളുടെ വീഡിയോക്ലിപ്പുകൾ | സെപ്തംബർ | അധ്യാപകർ |
| ശാസ്ത്രാന്വേഷണാത്മക പഠന പ്രസക്തി തിരിച്ചറിഞ്ഞ് പരീക്ഷണങ്ങളിലേർപ്പെടുന്നു. | സയൻസ് കോർണർ<br><br>പരീക്ഷണ ശില്പശാല | ഒക്ടോബർ | അധ്യാപകർ |
| ഇന്ത്യയെ അറിയാൻ വൈവിധ്യവും സംസ്കാരവും | സംസ്ഥാനങ്ങളുടെ വേഷം , ഭാഷ , കല സംസ്കാരം എന്നിവയുടെ ലിസ്റ്റ് തയ്യാറാക്കൽ | ജനുവരി | അധ്യാപകർ |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതപരിജ്ഞാനം
ക്ലാസ്സ് : 4

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| എല്ലാകുട്ടികൾക്കും അടിസ്ഥാന ക്രിയകളായ സങ്കലനം , വ്യവകലനം , ഗുണനം ,ഹരണം എന്നിവയിൽ പ്രാവീണ്യം ഉണ്ടാക്കൽ | പ്രി-ടെസ്റ്റ്<br>പഠനനിലവാരം, മികവ്, പോരായ്മകൾ ഇവ കണ്ടെത്തി പരിഹരിക്കുന്നു.<br>ഗണിതകേളി, ഗണിതമൂല | ജൂൺ ആദ്യവാരം<br>പ്രതിദിനം | ഗണിത അധ്യാപിക |
| സമയം തുല്യഭാഗങ്ങൾ, നീളവും (മീറ്റർ, സെൻറിമീറ്റർ, മില്ലിമീറ്റർ)<br>ഭാരം (ഗ്രാം, കിലോ ഗ്രാം) എന്നിവയിൽ പ്രാവീണ്യം കൈവരുത്തുന്നു. | ക്ലോക്ക് നിർമ്മാണം<br>ത്രാസ്<br>മനകണക്ക് പരിശീലനം<br>കച്ചവടകണക്ക്, വിളവെടുപ്പ് | പ്രതിദിനം<br><br>മാസത്തിൽ | ഗണിത അധ്യാപകർ |
| വിവരശേഖരണം പട്ടിക താരതമ്യം ചെയ്യൽ | ശേഖരണം<br>പുസ്തകശേഖരണം<br>വർക്ക്ഷീറ്റ്<br>ഗണിതോത്സവം | ആഴ്ചയിൽ<br><br>വർഷാവസാനം | ഗണിത അധ്യാപകർ |

**Theme : Accadamic**
**Sub - Theme : English - Language Acquisition**
**Class : IV**

| AIM | ACTIVITIES | TIME | DUTY |
|---|---|---|---|
| To improve listening skill | BBC Channel Radio,<br>English Speech, Rhyme | June<br><br>Weekly | Class teacher |
| To improve speaking skill | English fest, skit<br>Thoughts Day celebrations<br>Assembly.<br>Writing competition | Monthly<br>Monthly<br>Weekly<br>Weekly<br>Monthly | Class teacher |
| To improve reading skill | 1. Class Library<br>2. Reading card<br>3. Reading competition<br>4. Pronounciation<br>5. News paper reading | June<br>Weekly<br>Daily<br>Weekly<br>Daily | Class teacher |
| To improve writing-skill | Wall Magazine<br>News Paper Magazine<br>Completing stories<br>Reading cards<br>Writing Cards | Weekly<br>Daily<br>Monthly<br>Daily<br>Weekly | Class teacher |

**മേഖല : അക്കാദമികം**
**ഉപമേഖല : മലയാളം, ഭാഷാപരിജ്ഞാനം**
**ക്ലാസ്സ് : 5**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ലേഖനം, വായന തുടങ്ങിയ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ് - മികവുകളും, പോരായ്മകളും ചിഹ്നങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ മലയാളത്തിളക്കം , പ്രത്യേകക്ലാസ്സുകൾ | ജൂൺ | മലയാളം അധ്യാപകർ |
| മികച്ച വായനക്കാരനാകുക | ക്ലാസ്സ് ലൈബ്രറി, വായനാമൂല സ്കൂൾ ലൈബ്രറി ഓപ്പൺ ലൈബ്രറി - നവീകരിക്കൽ ശാക്തീകരിക്കൽ മരത്തണലിലെ വായന (ഒഴിവുസമയ വായന) പത്രവായന, പത്രക്വിസ് വായനാമത്സരം, അഭിമുഖം വായനാനുഭവം പങ്കുവയ്ക്കൽ ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും, പുസ്തകപരിചയം വിദ്യാരംഗം സാഹിത്യവേദി പ്രവർത്തനങ്ങൾ, ഐ.സി.ടി. | വർഷം മുഴുവനും | മലയാളം അധ്യാപകർ<br>വിദ്യാരംഗം കലാസാഹിത്യവേദി<br>രക്ഷിതാക്കൾ |

| | | | |
|---|---|---|---|
| സർഗാത്മകത വളർത്തുന്നു. | പഠനപ്രവർത്തനങ്ങളുടെ അവതരണം<br>സ്കൂൾ അസംബ്ലി<br>ക്ലാസ് സാഹിത്യസമാജം<br>ഇൻലൻറ് മാഗസിൻ<br>സഞ്ചരിക്കുന്ന മാഗസിൻ (രക്ഷിതാക്കൾ)<br>കൈയെഴുത്തു മാസിക<br>ദിനാചരണങ്ങൾ<br>പത്രം തയ്യാറാക്കൽ<br>ചുമർ പത്രിക<br>വായനാക്കുറിപ്പ്<br>ആസ്വാദനക്കുറിപ്പ്<br>പതിപ്പ് | ദിവസേന<br>ആഴ്ചയിൽ<br>മാസത്തിൽ<br><br>ഒക്ടോബർ<br><br>ഫെബ്രുവരി | മലയാളം അധ്യാപകൻ,<br><br>രക്ഷിതാക്കൾ<br><br>എസ്.ആർ.ജി |

**Theme : Accadamic**
**Sub - Theme : English - Language Acquisition**
**Class : V**

| AIM | ACTIVITIES | TIME | DUTY |
|---|---|---|---|
| To improve listening skill | ❖Listening to Poems (ICT)<br>❖English News Channels and Radio<br>❖Skit and Conversation<br>❖Watching English Movies, Documentry, Interviews<br>❖Listening to Phonetic Sounds | June to August<br><br>Daily | Class teacher<br><br>English teacher |
| To improve speaking skill | ❖English Day<br>❖English Assembly<br>❖Game instructions<br>❖Skit and Conversation<br>❖Day Celebration<br>❖Speech on different topics<br>❖Conducting Quiz Competitions<br>❖Conducting short Seminars group discussions etc. | August to October<br>Weekly<br>Daily<br>Weekly<br>Weekly<br>Monthly<br>Monthly<br><br>Monthly | Class teacher<br><br>English teacher |

| **AIM** | **ACTIVITIES** | **TIME** | **DUTY** |
|---|---|---|---|
| To improve reading skill | ❖Library<br>❖Reading corner in the class.<br>❖Newspaper Reading<br>❖Picture Reading<br>❖Journals of great personalities<br>❖Reading signboards and posters (ICT)<br>❖Using Reading Materials effectively | Daily | Class teacher<br><br>English teacher |
| To improve writing-skill | ❖English workshops<br>❖Wall magazines<br>❖Writing letters on Postal cards<br>❖Self Dictionary, Poster Making<br>❖English Magazine<br>❖Designing Invitation card and greeting cards (ICT)<br>❖Writing stories and speech on different topics<br>❖Caption writing competition<br>❖Hand writing competition<br>❖Dairy writing<br>❖Newspaper Reports<br>❖Editing different discourses | December to March<br>Weekly<br>Monthly<br>Termly<br>Weekly<br>Monthly<br><br>Monthly<br>Weekly<br>Weekly<br>Monthly<br>Daily<br>Weekly<br>Weekly | Class teacher<br><br>English teacher |

**क्षेत्र : शैक्षिक**
**विषय : हिंदी**
**कक्षा : पाँच**

| **लक्ष्य** | **गतिविधि** | **समय** | **कर्तव्य** |
|---|---|---|---|
| हिंदी में रुचि पैदा करना | हिंदी में अनौपचारक परचय का मेल रुचि भेदा करने केलिए भाषाई खेल | जून | हिंदी टीचर |
| राष्ट्रभाषा में प्रेम पैदाकरना | चित्र, बालकविता, विवरण, वार्तालाप आदि के ज़रिश वर्ण<br>संयुक्त वर्ण<br>रंग आदि का परिचय | जुलाई | हिंदी टीचर<br><br>छात्रों |
| | कविता, पहेली, वार्तालाप आदि का परिचय, सडक सुरक्षा, प्राथमिक इलाज आदि सो प्राधान्य। वाचन कार्ड | आगस्त | |

| | | | |
|---|---|---|---|
| | छोटे-छोटे शब्दों का श्रुतलेख, वाचन और लेखन की क्षमता बढाना, हिंदी भाषा के ज़रिए देशप्रेम, हिंदी दिन | सितंबर | |
| हिंदी में बोलने में क्षमता बढ़ाना | हपते में एक दिन हिंदी सभा (बुधवार) कविताओं के दश्यभास।गाँधी जयंती पोस्टर निर्माणा | हफते में एकदिन | |
| | पिछडेवाले बच्चों केलिं भाषाई खेल वाचन और लेखन की क्षमता बढाने के लिए वाचन और लेखन में प्रतियोगिता | जनुवरी | |
| | प्रश्न वाचक शब्दों का परिचय, पोस्टर तैयार करना, क्ष्क्च्र् के द्वारा कविता सुनना | फरवरी | |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം
ക്ലാസ്സ് : 5

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സംഖ്യാബോധം, എല്ലാകുട്ടികൾക്കും അടിസ്ഥാനഗണിതക്രിയകളായ സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവയിൽ പ്രാവീണ്യമുണ്ടാക്കുക | പ്രി-ടെസ്റ്റ്<br>പഠനനിലവാരം കണ്ടെത്തൽ<br>വർക്ക്ഷീറ്റ്, സഹപഠനം<br>അമ്മമാരുമായി നിരന്തര ആശയ വിനിമയം<br>ഐ.സി.ടി. ഉപയോഗം<br>അമ്മ പുസ്തകം | ജൂൺ ആദ്യവാരം<br>പ്രതിദിനം | ഗണിത അധ്യാപിക |
| ജ്യാമിതിയുടെ സൗന്ദര്യം ആസ്വദിക്കലും, ഗണിതതാൽപര്യം വളർത്തലും | ജ്യാമിതി - രൂപങ്ങൾ നിർമ്മാണം, പാറ്റേൺ<br>ഐ.സി.ടി. ഉപയോഗം<br>ഗണിതലാബ് | പ്രതിദിനം<br>മാസത്തിൽ | ഗണിത അധ്യാപകർ |
| ഭിന്നസംഖ്യ എന്ന ആശയം ഉറപ്പിക്കൽ | ഗണിതലാബ്<br>ഐ.സി.ടി. സാധ്യത<br>പൂന്തോട്ടം ,<br>കൃഷിസ്ഥലം , വസ്തുക്കൾ എന്നിവ ഭാഗിക്കൽ | ആഴ്ചയിൽ<br>വർഷാവസാനം | ഗണിത അധ്യാപകർ |
| ഗുണിതങ്ങളും ഘടകങ്ങളും എന്നീ ആശയങ്ങൾ ഉറപ്പിക്കൽ | ഗണിതകേളി, ക്വിസ്, പസിലുകളുടെ ശേഖരണം, ഗണിത ബുള്ളറ്റിൻ ബോർഡ് | ഡിസംബർ ജനുവരി | ഗണിത അധ്യാപകൻ എസ്.ആർ.ജി |

**മേഖല : അക്കാദമികം**
**ഉപമേഖല : മലയാളം, ഭാഷാപഠനനിലവാരം**
**ക്ലാസ്സ് : 6**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** |
| --- | --- | --- | --- |
| ഗദ്യപാഠങ്ങളിലെ ആശയങ്ങൾ ഉൾക്കൊണ്ട് ഒഴുക്കോടെയും ഉച്ചാരണശുദ്ധിയോടെയും വായിക്കാൻ പ്രാപ്തരാക്കുക.<br><br>കവിതയുടെയും പാട്ടുകളുടെയും ആശയം, താളം, ഭാവം എന്നിവ തിരിച്ചറിഞ്ഞ് കവിതാസ്വാദനത്തിന് പ്രാപ്തരാക്കുക.<br><br>കഥ, കവിത, അഭിനയം, ഉപന്യാസം എന്നിവയിൽ കഴിവ് വളർത്തിയെടുക്കുക. | പ്രീടെസ്റ്റ്<br>പത്രപാരായണം<br>പത്രക്വിസ്സ് (ആഴ്ചാവസാനം ആ ആഴ്ചയിലം പത്രക്വിസ്സ് നടത്തുന്നു)<br>അമ്മവായന (അമ്മമാർക്ക് വായനയ്ക്കായി സ്കൂൾ ലൈബ്രറിയിൽനിന്ന് പുസ്തകങ്ങൾ നൽകുന്നു)<br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>അഭിനയം (പാഠഭാഗവുമായിബന്ധപ്പെട്ട ചിത്രീകരണം)<br>മരത്തണലിലെ വായന<br>കവിപരിചയം (കവികളുടെ ചിത്രങ്ങളും കൃതികളും ശേഖരിക്കൽ)<br>ഉപന്യാസ മത്സരം<br>പഴഞ്ചൊല്ലുശേഖരണവും വിശദീകരണവും<br>കയ്യെഴുത്തുമാസിക | ജൂൺ<br><br>ജൂലൈ<br>ആഗസ്റ്റ്<br><br>നവംബർ<br><br>ഡിസംബർ<br><br>ജനവരി<br><br>ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ<br><br>എല്ലാഅധ്യാപകരും<br><br>എല്ലാഅധ്യാപകരും<br><br>എല്ലാഅധ്യാപകരും |

**Theme : Accadamic**
**Sub - Theme : English - Language Acquisition**
**Class : VI**

| **AIM** | **ACTIVITIES** | **TIME** | **DUTY** |
|---|---|---|---|
| To improve listening skill | ❖Listening to Poems (ICT)<br>❖English News Channels and Radio<br>❖Skit and Conversation<br>❖Watching English Movies, Documentry, Interviews<br>❖Listening to Phonetic Sounds | June to August<br><br>Daily<br>Daily<br>Daily<br>Daily | Class teacher<br><br>And<br><br>English teacher |
| To improve speaking skill | ➢English Day<br>➢Skit and Conversation<br>➢vEnglish Assembly<br>➢Day Celebration<br>➢Speech on different topics<br>➢Game instructions<br>➢Conducting short Seminars group discussions etc.<br>➢Conducting Quiz Competitions<br>➢Drama Presentation | August to October<br>Weekly<br>Weekly<br>Twice a Week<br>Daily<br>Monthly<br>Weekly<br>Monthly | Class teacher<br><br>And<br><br>English teacher |

| | | | | |
|---|---|---|---|---|
| To improve reading skill | ❖Library<br>❖Reading corner in the class.<br>❖Newspaper Reading<br>❖Reading competition<br>❖Using Reading Materials effectively<br>❖Picture Reading<br>❖Journals of great personalities<br>❖Reading signboards posters, Notices and Write ups(ICT) | Daily | Class teacher<br><br>English teacher<br><br>Computer Experts | |
| To improve writing-skill | ❖English workshops<br>❖Self Dictionary<br>❖Wall magazines<br>❖Writing Day Celebration Report<br>❖Writing letter on Postal card.<br>❖Journal Writing<br>❖Poster Making<br>❖Preparing English magazines-classiwise<br>❖Compsing Choreogragphy<br>❖Break longer expressions into smaller ones.<br>❖Designing Invitation card and greeting cards (ICT)<br>❖Script Writing<br>❖Writing stories and speech on different topics<br>❖Caption writing competition<br>❖Hand writing competition<br>❖Making Riddles and Puzzles<br>❖Newspaper Reports<br>❖Editing different discourses<br>❖Dairy writing | December to March<br>Weekly<br>Monthly<br>Termly<br>Weekly<br>Monthly<br>Monthly<br>Weekly<br>Weekly<br><br>Monthly<br><br>Daily<br><br>Weekly<br>Weekly | Class teacher<br><br>English teacher<br><br>Resource Person<br><br>Computer Experts | |

മേഖല : അക്കാദമികം
ഉപമേഖല : സയൻസ്, ശാസ്ത്രപഠനം
ക്ലാസ്സ് : 6

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടികളെ ശാസ്ത്ര സാക്ഷരരാക്കുക.<br>യുക്തിപൂർവ്വം ചിന്തിപ്പിക്കുക<br>ശാസ്ത്രാന്വേഷണാത്മക പഠനപ്രസക്തി തിരിച്ചറിഞ്ഞ് പരീക്ഷണങ്ങളിൽ ഏർപ്പെടുക<br>ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട പഠനയാത്രകൾ നടത്തുക.<br>ജ്യോതിശാസ്ത്രത്തിൽ താൽപര്യമുള്ളവരാക്കുക<br>. | കുട്ടികൾക്കും അധ്യാപകർക്കും ശസ്ത്രകിറ്റ് - ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ ശേഖരിക്കൽ<br><br>ക്ലാസ്സ് ലാബ്, സ്കൂൾ ലാബ്, സയൻസ് കോർണർ ശാക്തീകരണം<br><br>പരീക്ഷണശിൽപശാല വിവിധ പരീക്ഷണങ്ങളിലൂടെ പ്രവർത്തനങ്ങൾക്കുപിന്നിലുള്ള ശാസ്ത്രതത്വം കണ്ടെത്തുന്നു.<br>വാനനിരീക്ഷണ ക്യാമ്പ്<br>പാഠഭാഗവുമായി ബന്ധപ്പെട്ട ഉപകരണ നിർമ്മാണം<br><br>പൂന്തോട്ടം, ഔഷധസസ്യം, പച്ചക്കറിത്തോട്ടം എന്നിവയുടെ നിർമ്മാണവും പരിപാലനവും<br><br>ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട പഠനയാത്രയും ശാസ്ത്രക്വിസ്സും<br><br>ഒഴിവുസമയങ്ങളിൽ ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടാൻ അവസരം<br>ശാസ്ത്രമാസി2ളുടെ വായന-(ലൈബ്രറി)ശാസ്ത്രമാസി2ൾ തയ്യാറാക്കുക<br>ജലസംരക്ഷണം-ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട ലഘുപ്രൊജക്റ്റുകൾ, ഗവേഷണപ്രവർത്തനങ്ങൾ എന്നിവ തയ്യാറാക്കുക. | ജൂൺ<br><br>ജൂലൈ<br><br>ആഗസ്റ്റ്<br>സെപ്തംബർ<br><br>ഒക്ടോബർ<br>നവംബർ<br><br>ഡിസംബർ<br>ജനുവരി<br><br>ഫെബ്രുവരി | എസ്.ആർ.ജി<br>.<br><br>എസ്.ആർ.ജി<br>.<br><br>എല്ലാ അധ്യാപകർ<br>എല്ലാ അധ്യാപകർ<br>ക്ലാസ്സ് ടീച്ചർ<br><br>എല്ലാ അധ്യാപകർ |

മേഖല : അക്കാദമികം
ഉപമേഖല : സാമൂഹ്യശാസ്ത്രം
ക്ലാസ്സ് : 6

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| മധ്യകാല ഇന്ത്യയുടെ രാഷ്ട്രീയ ചരത്രം , സാമൂഹിക സമ്പത്തിക സ്ഥി , ജനജവതം , വൈജ്ഞാനിക രംഗത്തെ പുരോഗതി എന്നിവയെ കുറിച്ച് അവബോധം ഉണ്ടാക്കൽ. | ഗ്ലോബ്, അറ്റ്ലസ്, മാപ്പുകൾ, ചരിത്രപുസ്തകങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നു. ഭൂപടവായന വർക്ക്ഷീറ്റ്, ക്വസ് , സെമിനാർ | ജൂൺ ജൂലൈ | സാമൂഹ്യ ശാസ്ത്താധ്യാപകൻ |
| കേരളം ഭൂപ്കതി കഷി , ഭവനിയോഗം , ജീവിതശൈലിയിലെ മാറ്റങ്ങൾ എന്നിവയെകുറിച്ച് ധാരണ ഉണ്ടാക്കൽ | ഭൂപടവായന, സെമിനാർ, അഭിമുഖം | ആഗസ്ത് | സാമൂഹ്യ ശാസ്ത്താധ്യാപകൻ എസ്.ആർ.ജി |
| ജീവിക്കുന്ന ചുറ്റുപാടുകളെക്കുറിച്ചുള്ള ധാരണ പ്രപഞ്ച പ്രതിഭാസങ്ങളെ കുറിച്ചുള്ള ധാരണ | ഫീൽഡ് ട്രിപ്പ്, ചോദ്യാവലി ചിത്രനിരീക്ഷണം വിശകലനം ഐസിടി സാധ്യത ലഘുപരീക്ഷണം മാതൃകാനിർമ്മാണം ചിത്രീകരണം | സെപ്തംബർ ഒക്ടോബർ | എച്ച്.എം. രക്ഷിതാക്കൾ സാമൂഹ്യ ശാസ്ത്താധ്യാപകൻ എസ്.ആർ.ജി |

| | | | |
|---|---|---|---|
| മധ്യകാലലോകം, ഇന്ത്യ, കേരളം-കല-സാഹിത്യം സാമൂഹിക-സാമ്പത്തിക സാംസ്കാരിക ചരിത്രത്തെകുറിച്ചുള്ള ധാരണ | ഐ.സി.ടി. സാധ്യത ചരിത്രപുസ്തകങ്ങൾ (റഫറൻസ് ഗ്രന്ഥങ്ങൾ), സെമിനാർ, ഭൂപട വായന, കൊളാഷ് നിർമാണം, ക്വിസ്. | നവംബർ<br><br>ഡിസംബർ | സാമൂഹ്യ ശാസ്ത്രാധ്യാപകൻ |
| കുട്ടികളിൽ ജനാധിപത്യ -ജനാധിപത്യേതര ഗവൺമെൻറുകളുടെ സവിശേഷതകളെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കൽ | സ്കൂൾ പാർലമെൻറ് വർക്ക്ഷീറ്റ്, അഭിമുഖം. | ജനുവരി | സാമൂഹ്യ ശാസ്ത്രാധ്യാപകൻ |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം മധുരം
ക്ലാസ്സ് : 6

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിതത്തിൽ താൽപര്യക്കുറവുള്ളവരെ കണ്ടെത്തുക. സംഖ്യകളെപ്പറ്റിയും വിവിധക്രിയകളെപ്പറ്റിയും എത്രമാത്രം ധാരണയുണ്ടെന്ന് ഉറപ്പുവരുത്തുക. | പ്രീടെസ്റ്റ് നടത്തുന്നു. എസ്.ആർ.ജി.യിൽ അവതരിപ്പിക്കുന്നു. ഭിന്നനിലവാരക്കാരെ കണ്ടെത്തുന്നു. വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | ജൂൺ | എസ്.ആർ .ജി. |
| സംഖ്യാബോധം ഉണ്ടാക്കുക ഗുണിതങ്ങളും ഘടകങ്ങളും എന്ന ആശയം ഉറപ്പിക്കുക. | ഗണിതകേളികൾ, പസിലുകൾ, ക്വിസ് പ്രോഗ്രാമുകൾ എന്നിവ സംഘടിപ്പിക്കുന്നു. സെമിനാറുകൾ നടത്തുന്നു. | വർഷം മുഴുവൻ | ഗണിത അധ്യാപി ക |
| ഭിന്നസംഖ്യകൾ അവ ഉപയോഗിച്ചുള്ള ചതുഷ്ക്രിയകൾ എന്നിവയുടെ പ്രയോഗവൽക്കരിക്കൽ | ചതുരം, വൃത്തം എന്നിവവരച്ച് നിറം കൊടുക്കൽ, കൃഷി സ്ഥലം, പൂന്തോട്ടം, കളിസ്ഥലം എന്നിവ വിവിധ അളവിൽ ഭാഗിക്കുന്നു. (ഫ്രാക്ഷൻ ഡിസ്ക് ഉപയോഗിച്ച് പരിശീലിക്കുന്നു) | ആഗസ്ത് | അധ്യാപി ക |
| വ്യാപ്തം , ഉള്ളളവ് എന്നീ ആശയങ്ങൾ ഉറപ്പിക്കൽ | വ്യത്യസ്ത അളവുപാത്രങ്ങളുടെ നിർമ്മാണം, സ്കൂളിലെ പാൽ തുടങ്ങിയവ അളക്കുന്നു. | നവംബർ | അധ്യാപി ക |

| | | | |
|---|---|---|---|
| ജ്യാമിതികോണുകൾ എന്ന ആശയം | പാറ്റേൺ നിർമ്മാണ മത്സരം നടത്തുന്നു. വിവിധ ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | ജനുവരി | അധ്യാപിക |
| ശതമാനം എന്ന ആശയം നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുന്ന സന്ദർഭങ്ങൾ കണ്ടെത്തുക പ്രശ്നപരിഹരണത്തിനുതകുന്ന പ്രശ്നങ്ങളുടെ നിർധാരണം. | കടകൾ, ബാങ്കുകൾ, എന്നിവയുടെ പരസ്യങ്ങളുടെ ശേഖരണം, സർക്കാരിൻറെ വിവിധ കണക്കുകളുടെ ശേഖരണം | ഫെബ്രുവരി | ഗണിത അധ്യാപിക |
| ബീജഗണിതം എന്ന ആശയം | ലഘുപ്രൊജക്ടുകൾ ചെയ്യുന്നു. | ഫെബ്രുവരി | അധ്യാപിക |
| വിവിധഘട്ടങ്ങളിൽ നടത്തിയ ഗണിതപ്രവർത്തനങ്ങളുടെ വിലയിരുത്തൽ അവലോകനം | ഗണിതോത്സവം ഉൽപ്പന്നങ്ങളുടെ പ്രദർശനം | മാർച്ച് | എസ്.ആർ.ജി. |

**क्षेत्र : शैक्षिक**
**विषय : हिंदी**
**कक्षा : सात**

| लक्ष्य | गतिविधि | समय | कर्तव्य |
|---|---|---|---|
| क्षेत्र:शैक्षिक<br>विषय:हिंदी<br>राष्ट्रभाषा में ज्ञान बढाना | क्षेत्र : शैक्षिक<br>पूर्वज्ञान के साथ आगे की पढाई का संबंध जोडना, खेल के द्वारा पढाई, प्राकृतिक संपदाओं की सही इस्तेमाल करना, सहजीवों से अनुताप। | क्षेत्र : शैक्षिक<br>जून<br>जून | हिंदी टीचर<br>छात्रों |
| राष्ट्रभाषा में प्रेम पैदाकरना | बच्चों में देशप्रेम की भावना जगाना। तुकांत शब्दों का चयन, कविता का आशय समझाना, देश-भक्ति गीत का आलापन वर्णनात्म लेखका पाचन, आलंकारिकं प्रयोगें को समझता नारा-गीत लिखना | जुलाई | हिंदी टीचर<br>छात्रों |
| हिंदी में बोलने में क्षमता बढ़ाना | हिंदी मंच, हप्ते में एक दिन हिंदी सभा, वाचन और लेखन में प्रतियोगिता। | हफते में एकदिन | हिंदी टीचर<br>छात्रों |
| | समाचार का वाचन, पोस्टर में संदेश वाक्य जोड़ना, था, थे, थी का प्रयोग, चित्र कथा में संवाद जोडना। हिंदी दिवस मनाना | सितंबर<br>अकतूबर | हिंदी टीचर<br>और<br>कक्षाध्यापिका<br>क्त.ग्.<br>छात्रों |
| | चित्र वाचन, डायरी, टिप्पणी, अनुभव लेखन, पिछडे बच्चों केलिए भाषाई खेल | नवंबर | हिंदी टीचर<br>छात्रों |
| | चित्रवाचन तालयुक्त आलापन, टिप्पणी की तैयारी | दिसंबर | |
| | संविता का वाचन, संस्तानात्मक लेख का वाचन, खत लेखन | जनुवरी | हिंदी टीचर<br>छात्रों |

മേഖല : അക്കാദമികം
ഉപമേഖല : ശാസ്ത്രപഠനം
ക്ലാസ്സ് : 7

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമത<br>ല |
|---|---|---|---|
| കാർഷികവൃത്തിയോട്<br>ആഭിമുഖ്യം<br>ഉണ്ടാക്കൽ<br>പ്രകൃതിക്കിണങ്ങിയ<br>ശാസ്ത്രീയ കൃഷി<br>രീതികൾ<br><br>ഉപകരണങ്ങൾ<br>നിർമ്മിക്കൽ<br>മെച്ചപ്പെടുത്തൽ<br><br>ശരിയായ<br>ആഹാരശീലങ്ങൾ<br>ശുചിത്വശീലങ്ങൾ,<br>മദ്യം, മയക്കുമരുന്ന്<br>എന്നിവയുടെ<br>ബോധവൽക്കരണം.<br><br>ഊർജ്ജസംരക്ഷണപ്ര<br>വർത്തനങ്ങൾ<br><br>പരിസ്ഥിതി<br>സംരക്ഷണ<br>പ്രവർത്തനങ്ങളിൽ<br>ഏർപ്പെടൽ<br><br><br>ക്ലാസ്സിലെ മുഴുവൻ<br>കുട്ടികളെയും<br>ശാസ്ത്രസാക്ഷരരാക്കു<br>ക.<br><br>ശാസ്ത്രാവബോധം<br>ഉണ്ടാക്കുക. | ശാസ്ത്രപഠനത്തിനാവശ്യമായ<br>വർക്ക്ഷീറ്റ്, ശാസ്ത്രകിറ്റ് ആവശ്യമായ<br>സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കൽ,<br>ശേഖരിക്കൽ, ലാബ് ശാക്തീകരണം.<br>ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ<br>നിർമ്മിക്കൽ പരിശീലനം,<br>കർഷകനുമായുള്ള അഭിമുഖം<br>ചോദ്യവലി നിർമ്മാണം ഐ.സി.ടി.<br>ഉപയോഗം, സെമിനാർ പ്രബന്ധം,<br>പതിപ്പുകൾ നിർമ്മിക്കൽ,<br>ശാസ്ത്രക്വിസ്<br>ദർപ്പണങ്ങൾ ഉപയോഗിച്ച്<br>ഉപകരണനിർമ്മാണം, ഉപകരണം<br>കൈകാര്യം ചെയ്യൽ, സോപ്പ്<br>നിർമ്മാണം, പ്രൊജക്ട്, ഫീൽഡ് ട്രിപ്പ്<br>ആഹാരശീലങ്ങൾ ശുചിത്വശീലങ്ങൾ<br>അഭിമുഖം-ചോദ്യാവലി നിർമ്മാണം<br>മാതൃക നിർമ്മാണം<br>ഊർജ്ജ സംരക്ഷണ<br>പ്രവർത്തനങ്ങൾ പ്രൊജക്ട്,<br>സയൻസ് ക്ലബ്ബ്<br>പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കൽ<br>പരിസര സംരക്ഷണപ്രവർത്തനങ്ങൾ | ജൂൺ<br><br>ജൂലൈ<br><br>ആഗസ്റ്റ്<br>സെപ്റ്റംബർ<br><br>ഒക്ടോബർ<br>നവംബർ<br><br>ഡിസംബർ<br>ജനുവരി<br><br>ഫെ<br>ബ്രുവരി | അധ്യാ<br>പകർ<br><br>കുട്ടിക<br>ൾ<br><br>എസ്.<br>ആർ.<br>ജി.<br><br>എല്ലാ<br>അധ്യാ<br>പകർ<br>രക്ഷി<br>താക്ക<br>ൾ<br><br>എല്ലാ<br>അധ്യാ<br>പകർ<br>ക്ലാസ്സ്<br>ടീച്ചർ<br>എസ്.<br>ആർ.<br>ജി.<br>എല്ലാ<br>അധ്യാ<br>പകർ |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം
ക്ലാസ്സ് : 7

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും അടിസ്ഥാന ഗണിതക്രിയകളായ സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവയിൽ പ്രാവീണ്യമുണ്ടാക്കുക. സംഖ്യാബോധം ഉറപ്പിക്കുക. | പ്രീടെസ്റ്റ് നടത്തി മികവുകളും പോരായ്മകളും കണ്ടെത്തുന്നു. പിന്നാക്കക്കാർക്കായി പ്രത്യേകം വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. നിരന്തരം വിലയിരുത്തുന്നു. മിടുക്കരായ കുട്ടികളുടെ സഹായം ഉപയോഗപ്പെടുത്തുന്നു. 'അമ്മപുസ്തകം' - വീട്ടിൽനിന്ന് ചെയ്യാൻ അമ്മമാരുടെ സഹായം - അമ്മയുടെ ചോദ്യങ്ങൾ - അമ്മമാരുമായി നിരന്തര ആശയവിനിമയം-ക്ലാസ്സ് പി.ടി.എ.യിൽ അവലോകനം - മനക്കണക്കുകൾ-കുസൃതിക്കണക്കുകൾ-പസിലുകൾ-ക്വിസ് | ജൂൺ<br><br>വർഷം മുഴുവൻ<br><br>മാസത്തിൽ പ്രതിദിനം ആഴ്ചയിൽ ഒന്ന് | ഗണിത അധ്യാപിക |
| ജ്യാമിതിയുടെ ചലനാത്മകതയും സൗന്ദര്യവും ആസ്വദിക്കുക ഗണിതതാൽപര്യം വളർത്തുക. | ഐ.സി.ടി. സാധ്യത പരമാവധി ഉപയോഗപ്പെടുത്തുന്നു. പഠനോപകരണനിർമ്മാണം ഉപകരണങ്ങൾ തിരിച്ചറിയാനും കൈകാര്യം ചെയ്യാനും പ്രാപ്തരാക്കുന്നു. ചുറ്റുപാടുകളിൽനിന്നും ജ്യാമിതീയ രൂപങ്ങൾ കണ്ടെത്തി തിരിച്ചറിയൽ. ജ്യാമിതീയ രൂപങ്ങളുപയോഗിച്ചുള്ള പാറ്റേണുകൾ തയ്യാറാക്കൽ. പതിപ്പുകൾ ഉണ്ടാക്കുക. ഗണിതക്ലബ്ബുകളുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുന്നു. പാറ്റേണുകളുടെ പ്രദർശനം സംഘടിപ്പിക്കുന്നു. ജ്യാമിതീയ രൂപങ്ങളുംപയോഗിച്ച് നിശ്ചലരൂപങ്ങൾ തയ്യാറാക്കുക. മികച്ചവ കണ്ടെത്തുന്നു. | | ഗണിതഗ്രൂപ്പുകൾ |

| | | | |
|---|---|---|---|
| **ബീജഗണിതത്തിൽ താൽപര്യം വളർത്തുക** | **പസിലുകൾ, ഗണിതകേളികൾ, ഗണിതകഥകൾ, ഗണിതമാജിക് സംഖ്യാപാറ്റേണുകൾ-നിഗമന രൂപീകരണം** | | |
| വർഗം, വർഗമൂലം പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥനം ചെയ്യാനുള്ള കഴിവ് വളർത്തുക | ത്രികോണ സംഖ്യകൾ-മോഡലുകൾ തയ്യാറാക്കുക-പാറ്റേണുകൾ-സമചതുര സംഖ്യകൾ-മാതൃ2ൾ-വരിയും നിരയും തുല്യമാക്കൽ-ചെടികൾ നട്ടുവളർത്തൽ -വസ്തുക്കളുടെ ക്രമീകരണം-അസംബ്ലിയിൽ കുട്ടികളുടെ ക്രമീകരണം - നിത്യജീവിതവുമായി ബന്ധപ്പെടുത്തിയിട്ടുള്ള പ്രശ്നങ്ങൾ-അപഗ്രഥന ചോദ്യങ്ങൾ-ചോദ്യനിർമ്മാണം-മുന്നറിവുമായി ബന്ധപ്പെടുത്തൽ- | ഒക്ടോബർ | ഗണിതാധ്യാപിക ഹെഡ്മിസ്ട്രസ്സ് |
| കച്ചവടക്കണക്കുകൾ-പണമിടപാടുസ്ഥാപനങ്ങളെക്കുറിച്ചുള്ള ശരിയായ ധാരണ ഉണ്ടാക്കുന്നു. പലിശയുടെ നല്ല വശങ്ങളും ചീത്ത വശങ്ങളും മനസ്സിലാക്കി ചൂഷണങ്ങളിൽ അകപ്പെടാതിരിക്കുക. | കച്ചവടക്കണക്ക്-പച്ചക്കറികൃഷി-പച്ചക്കറികളുടെ ശേഖരണം-വിലകണക്കാക്കൽ-കച്ചവടതന്ത്രങ്ങൾ-സെമിനാറുകൾ-ചർച്ച-ബേങ്ക് സന്ദർശനം-അഭിമുഖം - സ്വന്തം നിക്ഷേപം -പലിശ കണ്ടെത്തൽ | ഡിസംബർ ജനുവരി | കാർഷിക ക്ലബ്ബ്<br><br>ഗണിതാധ്യപിക |

**क्षेत्र : शैक्षिक**
**विषय : हिंदी**
**कक्षा : सात**

| लक्ष्य | गतिविधि | समय | कर्तव्य |
|---|---|---|---|
| राष्ट्रभाषा में ज्ञान बढाना | पर्यावरण दिन समारोह, वाचन दिवस, वाचन, चर्चा, पोस्टर, पत्र वाचन कोना।<br>कविता का आशय लिखना, कविता ताल से ...से आलापन, कविता का ओडिपो। | जून<br><br>जुलाई | हिंदी टीचर<br><br>छात्रों |
| राष्ट्रभाषा में<br>प्रेम और सम्मान बढाना | राष्ट्रभाषा में<br>पिछडे बच्चों केलिए भाषाई खेल, चित्रवाचन, कहानी वाचन, डायरी लेखन। प्रेमचंद जयंती, हिंदी ....<br>कविता वाचन, आखादन टिप्पणी हफते में एक दिन हिंदी सभा। नाटक हिंदी दिवस, अध्यापकदिन का मंचन केलिए बधाईक....<br>ोम और सम्मान बढाना | आगस्त्<br>सितंबर | हिंदी टीचर<br>छात्रों<br>और<br>कक्षाध्यापिका<br>क्त.ग्.<br>छात्रों |
| हिंदी में बोलने में क्षमता बढ़ाना | गाँधी जयंती का पोस्टर तैयार करना समाचार लेखन, अनुवाद, टिप्पणी आँखों देखी रिपोह अवतरण करना, नाटक मंचन करना।<br>सूचना पट तैयार करना, क्ष्क्च्र् की सहायता से नाटक दिखाना, शिशु दिन में हिंदी नाटक हिंदी मेला, गणतंत्र दिवस, प्रोफईल तैयार करना, अत्मकथा तैयार करना कल्पना चावला का वीडियो प्रदर्शन। आखादन टिप्पणी श्रुत लेख | अकतूबर<br>नवंबर<br>जनुवरी<br>फरवरी | हिंदी टीचर<br>और<br>कक्षाध्यापिका<br>क्त.ग्.<br>छात्रों |

മേഖല : അക്കാദമികം
ഉപമേഖല : മലയാളം
ക്ലാസ്സ് : 7

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ലേഖനം, വായന<br>തുടങ്ങിയ<br>ഭാഷാപരമായ<br>പിന്നോക്കാവസ്ഥ<br>പരിഹരിക്കൽ<br><br>നല്ല<br>വായനക്കാരനാക്കുക<br><br>സർഗാത്മകത<br>വളർത്തുന്നു. | പ്രീടെസ്റ്റ് - മികവുകളും,<br>പോരായ്മകളും<br>ചിഹ്നങ്ങൾ, ചിഹ്നങ്ങൾ<br>ഉറപ്പിക്കൽ<br>മലയാളത്തളക്കം ,<br>പ്രത്യേകക്ലാസ്സുകൾ<br>നവീകരിക്കൽ, ശാക്തീകരിക്കൽ<br>മരത്തണലിലെ വായന<br>(ഒഴിവുസമയ വായന),<br>മറ്റുഗ്രന്ഥശാലകളിലെ അംഗത്വം<br>പത്രവായന, പുസ്തകചർച്ച<br>വായനാകുറിപ്പുകൾ-<br>അസംബ്ലിയിൽ<br>വായനാനുഭവങ്ങൾ<br>പങ്കുവെയ്ക്കൽ , വിദ്യാരംഗം കലാ<br>സാഹിത്യവേദി<br>പ്രവർത്തനങ്ങൾ<br>ഐ.സി.ടി.,<br>പഠനപ്രവർത്തനങ്ങളുടെ<br>അവതരണം<br>സ്കൂൾ അസംബ്ലി, സ്കൂൾ<br>സാഹിത്യസമാജം ,<br>ഇൻലൻറ് മാഗസിൻ,<br>സെമിനാറുകൾ, ചർച്ചകൾ<br>ശിൽപശാലകൾ, ക്യാമ്പുകൾ,<br>കൈയെഴുത്തു മാസിക<br>സ്കൂൾവാർഷികാഘോഷം,<br>ദിനാചരണങ്ങൾ<br>സഞ്ചരിക്കുന്ന മാഗസിൻ<br>(രക്ഷിതാക്കൾ)<br>ഓഡിയോ /വീഡിയോ<br>ക്ലാപ്പിംഗുകൾ<br>പത്രം , ചുമർ പത്രിക<br>തയ്യാറാക്കൽ | ജൂൺ<br><br>ജൂൺ<br><br>ദിവസംതോറും<br><br>ദിവസേന<br>ആഴ്ചയിൽ<br>മാസത്തിൽ | മലയാളം<br>അധ്യാപകർ<br>ക്ലാസ്സധ്യാപി<br>ക<br><br>മലയാളം<br>അധ്യാപിക<br><br>ഹെഡ്മിസ്ട്രസ്<br><br>രക്ഷിതാക്കൾ<br><br>ക്ലാസ്സ് ടീച്ചർ<br>ഹെഡ്മിസ്ട്രസ്<br>എസ്.ആർ.ജി |

**Theme : Accadamic**
**Sub - Theme : English - Language Acquisition**
**Class : VII**

| **AIM** | **ACTIVITIES** | **TIME** | **DUTY** |
|---|---|---|---|
| To improve listening skill | Listening to Poems (ICT)<br>English News Channels and Radio<br>Skit and Conversation<br>Watching English Movies, Documentary, Interviews<br>Listening to Phonetic Sounds | June to August<br><br>Daily<br>Daily<br>Daily<br>Daily | Class teacher<br><br><br><br>English teacher |
| To improve speaking skill | English Day<br>Skit and Conversation<br>English Assembly<br>Day Celebration<br>Speech on different topics<br>Game instructions<br>Conducting short Seminars group discussions etc.<br>Drama Presentation | August to October<br>Weekly<br>Weekly<br>Twice a Week<br>Daily<br>Monthly<br>Weekly<br>Monthly | Class teacher<br><br>And<br><br>English teacher |

| | | | | |
|---|---|---|---|---|
| To improve reading skill | Using the library book<br>English Reading competition<br>Newspaper Reading<br>Using Reading Materials effectively<br>Picture Reading<br>Journals of great personalities<br>Posters, signboards posters, Notices and Write ups(ICT)<br>Conducting quiz competition | Daily | Class teacher<br><br>English teacher<br><br>Computer Experts | |
| To improve writing-skill | Wall magazines and News paper preparation.<br>Story writing<br>Diary writings<br>Poster making<br>Script writing<br>Report on debate and seminars<br>Break longer expressions into smaller ones.<br>Dictionary making<br>Composing Choreography<br>Designing greeting and invitation cards (ICT, Caption writing competition<br>Hand writing competition, Making Riddles and Puzzles, Making flash news and Newspaper Reports<br>Editing different discourses | December to March<br>Weekly<br>Monthly<br>Termly<br>Weekly<br>Monthly<br><br>Monthly<br><br>Daily<br><br>Weekly<br>Weekly | Class teacher<br><br>English teacher<br><br>Resource Person<br><br>Computer Experts | |

മേഖല : അക്കാദമികം
ഉപമേഖല : സാമൂഹ്യപാഠം, പരിസരപഠനം
ക്ലാസ്സ് : 7

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടികളിൽ സാമൂഹ്യാവബോധം സൃഷ്ടിക്കുക, ജീവിക്കുന്ന ചുറ്റുപാടുകളെക്കുറിച്ച് ധാരണയുണ്ടാക്കുക. | ക്ലാസ്സ്തല പഠനയാത്രകൾ സംഘടിപ്പിക്കുക. ചെറിയ ഫീൽഡ് ട്രിപ്പുകൾ - പുഴ, കാവ്, നെൽവയൽ സന്ദർശനം<br>സാമൂഹ്യപാഠം ലാബ് ശാക്തീകരണം, ഗ്ലോബുകൾ, മാപ്പുകൾ, വിവിധ മാതൃ2ൾ, ചരിത്ര സംഭവങ്ങളുടെ മോഡലുകൾ എന്നിവയുടെ പ്രദർശനം | മാസത്തിലൊന്ന്<br><br>ജൂലൈ<br><br>അതാത് ദിവസങ്ങൾ<br><br>ജനുവരി | ക്ലാസ്സധ്യാപകർ<br><br>ചുമതലയുള്ള അധ്യാപകർ<br><br>അധ്യാപകർ |
| പരിസരം സംരക്ഷിക്കേണ്ടതിൻറെ ആവശ്യത്തെക്കുറിച്ച് ബോധവാന്മാരാക്കുക | ദിനാചരണങ്ങൾ, മഹാന്മാരുടെ ജന്മദിനങ്ങൾ എന്നിവ ആഘോഷിക്കൽ- പോസ്റ്റർ, ക്വിസ്, ചാർട്ട് നിർമ്മാണം<br>പഠനോൽപന്നങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുന്നു.<br><br>സ്കൂൾ പാർലമെൻറ് ഊർജ്ജിതമാക്കുക. | | |
| സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടാനുള്ള അവസരം സൃഷ്ടിക്കുക. | പരിസ്ഥിതി നാശം ഉണ്ടാക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ- കുന്നിടിക്കൽ, നിലം നികത്തൽ തുടങ്ങിയവയിൽ ഇടപെടുകയും പ്രതിരോധമാർഗ്ഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക. സാമൂഹ്യ പ്രശ്നത്തിൽ ഇടപെട്ട് അധികാരികൾക്ക് കത്ത്, നിവേദനം എന്നിവ സമർപ്പിക്കുന്നു. പൊതുവഴി, പുഴ ശുദ്ധീകരിക്കുന്നു. | | |

## മേഖല : ഭൗതികം
## ഉപമേഖല : കായികവിദ്യാഭ്യാസസൗകര്യം

**ലക്ഷ്യങ്ങൾ :**

**കായിക വിദ്യാഭ്യാസത്തിൽ പ്രാവീണ്യം നേടുന്നതിന്**

**ആരോഗ്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കുന്നതിന്**

**പ്രവർത്തനങ്ങൾ :**

**വോളി ബോൾ, ബാസ്കറ്റ് ബോൾ, ക്രിക്കറ്റ്, ഷട്ടിൽ എന്നിവയിൽ പരിശീലനം**

**കാരാട്ടെ, എയ്റോബിക്സ്, എന്നിവയിൽ പരിശീലനം**

**സൈക്കിൾ പരിശീലനം**

**കായികതാരങ്ങൾക്ക് പോഷകാഹാരം**

# CWSN കുട്ടികൾക്കുള്ള പ്രത്യേക പരിപാടികൾ

- ലക്ഷ്യങ്ങൾ
- ശാരീരികവും മാനസികവുമായ ഭിന്നശേഷിയുള്ള കുട്ടിൾക്ക് മറ്റ് കുട്ടികളെപ്പോലെ തന്നെ കളിക്കാനും പഠിക്കാനും സമൂഹത്തിൽ ജീവിക്കാനും അർഹതയുണ്ട്. ഈ ബോധ്യം എല്ലാവരിലും എത്തിക്കുക എന്നതാണ് പ്രവർത്തനങ്ങൾകൊണ്ട് ലക്ഷ്യമിടുന്നത്.
- പ്രത്യേകം തയ്യാറാക്കിയ ചിത്രക്കാർഡുകൾ, അക്ഷരക്കാർഡുകൾ, ചിഹ്നക്കാർഡുകൾ
- ചിത്രരചനയിൽ പരിശീലനം, ചിത്രരചനാ ക്യാമ്പ്
- സ്പോർട്സ് ഡേയിൽ ഈ കുട്ടികൾക്ക് പ്രത്യേക മൽസരം
- കലപരിശീലനം -വിവിധ കലാ മൽസരങ്ങൾ
- ക്ലാസ് ലീഡർഷിപ്പ്
- റിസോഴ്സ് ടീച്ചറുടെ സേവനം ഉപയോഗപ്പെടുത്തുന്നു

## മേഖല : അക്കാദമികം
## ഉപമേഖല : കലാവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സ്കൂളിനെ ഒരു ടാലൻറ് ലാബ് ആക്കി മാറ്റുക. | ക്ലാസ് റൂം പ്രവർത്തനങ്ങളിലൂടെ ഓരോ കുട്ടിയിലും അന്തർലീനമായിക്കിടക്കുന്ന കഴിവുകൾ കണ്ടെത്തുന്നു. | | അധ്യാപകർ |
| | ടൈംടേബിളിൽ ഒരു പീരിയഡ് സർഗവേളയ്ക്കായി നീക്കി വയ്ക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | അധ്യാപകർ<br>പി.ടി.എ<br>ക്ലാസധ്യാപകർ |
| | എല്ലാ കുട്ടികൾക്കും കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകൽ. | | എച്ച്.എം.<br>പി.ടി.എ |
| കുട്ടികളിൽ ഒളിഞ്ഞുകിടക്കുന്ന വ്യത്യസ്ത കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുക. | വ്യത്യസ്ത കഴിവുകൾ പ്രകടിപ്പിക്കുന്ന പ്രതിഭകൾക്കു വേണ്ടി പ്രത്യേക പരിശീലനം നൽകൽ. | | അധ്യാപകർ |
| | സംഗതം , നൃത്ത , ചിത്രചന , അഭിനയം എന്നീ ഇനങ്ങളിൽ മൽസരം നൽകൽ. | കലോൽസവം<br>ജനവരി | അധ്യാപകർ<br>സ്കൂൾ ആർട്സ് ക്ലബ്ബ് |
| | കലാമേളകളിൽ പങ്കെടുക്കാൻ അവസരം നൽകുന്നു | 2018 നവംബർ | അധ്യാപകർ |
| | ചിത്ര പ്രദർശനം സംഘടിപ്പിക്കുന്നു. | ഫെബ്രുവരി | ചാർജുള്ള അധ്യാപകർ |
| | സഗീത വരുന്ന് , നൃത്ത വിരുന്ന് എന്നിവ സംഘടിപ്പിക്കൽ | | |
| | നാടക ശിൽപശാല സംഘടിപ്പിക്കുന്നു. | | |
| വിദ്യാർത്ഥികളുടെ സമഗ്ര വികസനം സാധ്യമാക്കുക. | ബലസമാജം , സഹിത്യസമാജം എന്നവ ശക്തിപ്പടുത്തുന്നു . | | |
| | സ്കൂൾ വാർഷികത്തിൽ മുഴുവൻ കുിട്ടികൾക്കും പങ്കെടുക്കാനവസരം നൽകൽ | | |

# ഉപസംഹാരം

സ്ഥാപിതമായിട്ട് 50ആം വാർഷികം ആഘോഷിക്കുന്ന ഗവൺമെൻറ് സ്കൂൾ ബാവലി ഒരുപാട് പരിമിതികൾ നേരിട്ടുകൊണ്ടാണ് മുന്നോട്ടുപോകുന്നത്, ഈ വിദ്യാലയത്തെ ഈ നാടിൻറെ വിളക്ക് ആക്കി മാറ്റുക എന്നുള്ളത് തന്നെയാണ് ഞങ്ങളുടെ ലക്ഷ്യം കർമനിരതരായ അധ്യാപകരും കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന പി.ടി.എ.യും സ്കൂളിൻറെ വിജയത്തിൻറെ പിന്നിലെ ചാലകശക്തികളാണ്.

ഒരുപാട് നേട്ടങ്ങൾക്കുള്ളിലും കുറച്ചു പരിമിതികൾ നമ്മെ പിന്നോട്ടാക്കുന്നുണ്ട് എന്ന തിരിച്ചറിവും ഞങ്ങൾക്കുണ്ട്. എല്ലാ പരിമിതികളും കൂട്ടായ്മയോടെ പരിഹരിച്ച് ഇനിയും ഉയരങ്ങളിലേക്ക് കടന്നുചെല്ലാനാകും എന്ന ശുഭപ്രതീക്ഷയോടെ, സ്കൂളിൻറെ ശോഭനമായ ഭാവിയെ നിറം കെടുത്തുന്ന എല്ലാ പ്രതിബന്ധങ്ങളെയും നേരിട്ടുകൊണ്ട് മുന്നോട്ടുപോകുവാൻ ഞങ്ങൾക്ക് കഴിയും എന്ന ശുഭപ്രതീക്ഷയോടെ

നന്ദി